I/36013/2023

-

<u>ഭരണഭാഷ- മാതൃഭാഷ</u>

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ നമ്പർ : 0471 2325868

**നം. എച്ച്.എസ്.ഇ/ 5034/2023 – എഡി സി6 തീയതി :31-10-2023**

## <u>സർക്കുലർ</u>

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ്-ഹയർസെക്കന്ററി വിഭാഗം-ജീവനക്കാര്യം- ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റം – അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിക്കുന്നത്, ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കളുടെ പൊതുസ്ഥലംമാറ്റ അപേക്ഷയിൽ വ്യക്തത എന്നിവ – സംബന്ധിച്ച്.

സൂചന : 25/10/2023 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകരുടെ 2023-24 വർഷത്തെ പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. 25/10/2023 ലെ സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷകൾ 2023 ഒക്ടോബർ 31 വൈകുന്നേരം 5 മണിക്ക് മുൻപായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പല സ്കൂളുകളിലേയും അദ്ധ്യാപകർക്ക് സാങ്കേതിക കാരണങ്ങടക്കമുള്ള പ്രശ്നങ്ങളാൽ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ 2023-24 പൊതുസ്ഥലംമാറ്റത്തിനുള്ള ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി **2023 നവംബർ 4 വൈകുന്നേരം 5 മണിവരെയായി** ദീർഘിപ്പിച്ചിരിക്കുന്നു. അനുകമ്പാർഹ സ്ഥലംമാറ്റ അപേക്ഷയും, അനുബന്ധരേഖകളും **06/11/2023** നകം ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് അപേക്ഷ സമർപ്പിക്കുന്ന വേളയിൽ 50% ത്തിൽ കൂടുതൽ എന്ന വ്യവസ്ഥ ഉള്ളതുകാരണം അപേക്ഷകൾ forward ചെയ്യുമ്പോൾ പ്രിൻസിപ്പൽമാർ ആശയക്കുഴപ്പത്തിലാകുന്നു എന്ന് അറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ 26/09/2022 ലെ സ.ഉ (കൈ) നം. 22/2018 ലെ 42011/3/2014/Estt (Res) നമ്പർ ഓഫീസ് മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ് എന്ന് വ്യക്തത വരുത്തുന്നു.

Signed by
Santhosh Kumar R
Date: 31-10-2023 16:45:16

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

I/36013/2023